

## മാനവികതയെ ഉയർത്തിപ്പിടിച്ച

# മഹാപുരുഷൻ

പെരുമ്പടവം ശ്രീധരൻ

***വിദ്യാഭ്യാസ മേഖലയിലും സാഹിത്യ മേഖലയിലും ചാവറയച്ചൻ നൽകിയിട്ടുള്ള സംഭാവനകളെ അനുസ്മരിക്കുന്നു***

കേരളത്തിന്റെ സാമൂഹ്യ-നവോത്ഥാന ശിൽപികളിൽ ഏറ്റവും പ്രമുഖനാണ് ചാവറ കുര്യാക്കോസച്ചൻ. പള്ളിയോട് അനുബന്ധിച്ച് പള്ളിക്കൂടം തുടങ്ങണമെന്നു നിർദ്ദേശിക്കുകയും പാവപ്പെട്ട കുട്ടികളെ ജാതിയും മതവും ഒന്നും നോക്കാതെ സ്കൂളിൽ ചേർത്തു പഠിപ്പിക്കാനും അദ്ദേഹം മുൻകൈയെടുത്തു. ആ കാലഘട്ടത്തിൽ താഴ്ന്ന ജാതിയിൽപ്പെട്ടവർക്ക് വിദ്യാഭ്യാസം നിഷേധിച്ചിരുന്നു. സർക്കാർ സ്കൂളുകളിൽ ജാതിയിൽ താഴ്ന്നവർക്കു പ്രവേശനം ഇല്ലായിരുന്നു. അവർക്ക് പഠിക്കാൻ യാതൊരു നിർവാഹവുമില്ലായിരുന്നു. അങ്ങനെയുള്ള ഒരു സാമൂഹ്യാവസ്ഥയ്ക്ക് എതിരായ ആശയപരമായ കലാപമാണ് ചാവറയച്ചൻ നടത്തിയത്. ഭക്ഷണവും വസ്ത്രവും പുസ്തകവും ഇല്ലാത്ത പാവപ്പെട്ട കുട്ടികൾക്ക് അത് സംഘടിപ്പിച്ചു നൽകാനും ചാവറയച്ചൻ മുന്നിട്ടിറങ്ങി. അങ്ങനെ സാർവത്രിക വിദ്യാഭ്യാസത്തിന്റെ ദർശനം ആദ്യമായി കേരളത്തിൽ അവതരിപ്പിച്ചത് അദ്ദേഹമാണ്. അത് സാമൂഹികമായ നവോത്ഥാനത്തിന് അടിത്തറപാകുകയാണ്



ചെയ്തത്. ജാതിക്കും മതത്തിനും അതീതമായി മാനവികതയെ ഉയർത്തിപ്പിടിച്ച മഹാപുരുഷനായിരുന്നു അദ്ദേഹം.

പാവപ്പെട്ട കുട്ടികളുടെ ഉച്ചഭക്ഷണത്തിനായി അദ്ദേഹം മാന്നാനത്ത് പതിനേഴര ഏക്കർ സ്ഥലം വാങ്ങി അവിടെ കൃഷി ചെയ്തു. കുട്ടികൾക്ക് അക്ഷരം പറഞ്ഞു കൊടുത്താൽ മാത്രം പോരാ അവർക്കു വിശപ്പിനുള്ളതും കൊടുക്കണമെന്ന ഉത്തമബോധ്യം അദ്ദേഹത്തിനുണ്ടായിരുന്നു. രണ്ടു തരം വിശപ്പുണ്ട് മനുഷ്യന്. ഒന്ന് ആത്മാവിന്റെ വിശപ്പും രണ്ട് ശരീരത്തിന്റെ വിശപ്പും. ആത്മാവിന്റെ വിശപ്പിന് വിദ്യാഭ്യാസം നൽകിയാൽ മതിയാകും. ശരീരത്തിന്റെ വിശപ്പും വിശപ്പ് തന്നെയാണ്. അതിന് ഭക്ഷണം കൊടുത്തേ മതിയാകൂ. അത് കൃത്യമായി തിരിച്ചറിഞ്ഞ വ്യക്തി കൂടിയാണ് ചാവറയച്ചൻ. അത്തരം ഒരു കാഴ്ചപ്പാട് നമ്മുടെ രാജ്യത്ത് അതിനു മുമ്പ് ആർക്കും ഉണ്ടായിട്ടില്ല.

**കേരളത്തിന്റെ പൊതുസ്വത്ത്**

ചാവറയച്ചനെ കേവലം ഒരു സഭയുടെ സ്വത്തായി മാത്രം ആരും കണക്കാക്കരുത്. അങ്ങനെ ക്രിസ്ത്യാനികളും ഇതര മതവിഭാഗങ്ങളും കണക്കാൻ പാടില്ല. അദ്ദേഹം കേരളത്തിന്റെ പൊതുസ്വത്താണ്. ചാവറയച്ചൻ ഇത്തരം സാമൂഹിക പരിഷ്കാരങ്ങൾ നടപ്പിലാക്കുന്ന സമയത്ത് ശ്രീനാരായണ ഗുരുവിന് എട്ടോ ഒൻപതോ വയസ്സ് മാത്രമേയുള്ളൂ. അപ്പോൾ എത്രയോ വർഷങ്ങൾക്കു മുമ്പാണ് അദ്ദേഹം മഹത്തായ ഇത്തരം കാഴ്ചപ്പാടുകളുമായി മുന്നോട്ട് വന്നതെന്ന് നമ്മൾ ഓർക്കണം. പൗരോഹിത്യത്തിന്റെ അർത്ഥം ശരിക്കും പൊതുസമൂഹത്തിന് മനസ്സിലാക്കിക്കൊടുത്തത് അദ്ദേഹമാണ്. പള്ളിക്കും സഭയ്ക്കും അപ്പുറത്ത് മനുഷ്യരുണ്ടെന്നും ജീവിതങ്ങളുണ്ടെന്നും അദ്ദേഹം കണ്ടുപിടിച്ചു. അതിന് മുമ്പ് അങ്ങനെയൊരു അനുഭവത്തിലേക്ക് ആരെങ്കിലും കടന്നു ചെന്നിട്ടുണ്ടെന്ന് എനിക്ക് തോന്നുന്നില്ല. പള്ളിക്കും സഭയ്ക്കും പുറത്ത് മനുഷ്യരുണ്ടെന്നും അവരുടെ കാര്യങ്ങളും നമ്മുടെ കാര്യങ്ങളാണെന്നും അവർക്കും നമ്മുടെ സേവനവും സംരക്ഷണവും ആവശ്യമുണ്ടെന്നുമുള്ള മാനവീകമായ വീക്ഷണം അദ്ദേഹത്തിന് ഉണ്ടായിരുന്നു.

> കുട്ടികൾക്ക് അക്ഷരം പറഞ്ഞു കൊടുത്താൽ മാത്രം പോരാ അവർക്കു വിശപ്പിനുള്ളതും കൊടുക്കണമെന്ന ഉത്തമബോധ്യം അദ്ദേഹത്തിനുണ്ടായിരുന്നു. രണ്ടു തരം വിശപ്പുണ്ട് മനുഷ്യന്. ഒന്ന് ആത്മാവിന്റെ വിശപ്പും രണ്ട് ശരീരത്തിന്റെ വിശപ്പും. ആത്മാവിന്റെ വിശപ്പിന് വിദ്യാഭ്യാസം നൽകിയാൽ മതിയാകും. ശരീരത്തിന്റെ വിശപ്പും വിശപ്പ് തന്നെയാണ്.

സാഹിത്യത്തിലും തന്റേതായ സംഭാവനകൾ നൽകിയിട്ടുള്ള വ്യക്തിയാണ് ചാവറയച്ചൻ. അദ്ദേഹം നിരന്തരം എഴുതിക്കൊണ്ടിരുന്നു. അദ്ദേഹത്തിന്റെ എഴുത്ത്, സഭയിലെ മറ്റു പുരോഹിതന്മാരുടെയും മതപണ്ഡിതന്മാരുടെയും എഴുത്തിൽ നിന്ന് തികച്ചും വ്യത്യസ്തമായിരുന്നു. എഴുത്തിൽ ഉടനീളം മാനവീകത ഉയർത്തിപ്പിടിക്കാൻ അദ്ദേഹം ശ്രമിച്ചിരുന്നു. പാവപ്പെട്ടവരുടെ സങ്കടങ്ങളോട് ആര് ഉത്തരം പറയും എന്ന ചോദ്യം എല്ലാ കാലത്തും അദ്ദേഹത്തെ വേട്ടയാടിയിരുന്നു. പാവപ്പെട്ടവരുടെ ജീവിതം സഭയെയും സഭയ്ക്കു പുറത്തുള്ളവരെയും ബോധ്യപ്പെടുത്തുക എന്ന ഭാരിച്ച ഉത്തരവാദിത്വമാണ് അദ്ദേഹം ഏറ്റെടുത്തത്.

സാഹിത്യത്തിലേക്കു വരുമ്പോൾ മലയാളത്തിലെ ആദ്യത്തെ ഖണ്ഡകാവ്യം എഴുതിയത് അദ്ദേഹമാണ്. കൂടാതെ ഇടവകപള്ളികളിലും മറ്റും അവതരിപ്പിക്കാനായി അദ്ദേഹം ഇടയനാടകങ്ങൾ എഴുതി. ബൈബിളിനെ അടിസ്ഥാനമാക്കിയാണ് ഇടയനാടകങ്ങളുടെ രചന അദ്ദേഹം നിർവഹിക്കുന്നത്. ബൈബിളിനെ അടിസ്ഥാനമാക്കി എഴുതി എന്നു പറയുമ്പോൾ ബൈബിൾ എന്താണ്, ക്രിസ്തുവും ക്രിസ്തുമതവും എന്താണ് എന്നു കൂടി അറിഞ്ഞിരിക്കണം. ബൈബിളും ക്രിസ്തുവും ക്രിസ്തുമതവും മുന്നോട്ടുവെക്കുന്നത് ശുദ്ധ മാനവീകതയാണ്. അത് ഒരു സഭയുടെ ചട്ടക്കൂടിൽ ഒതുങ്ങിനിൽക്കുന്ന ഒന്നല്ല. ക്രിസ്തുവിന്റെ ദർശനം എന്നത് ക്രിസ്ത്യാനികളെ ഉദ്ദേശിച്ച് ഉള്ളതല്ല. കുറഞ്ഞ പക്ഷം യേശുക്രിസ്തുവെങ്കിലും ക്രിസ്ത്യാനി ആയിരുന്നില്ല എന്ന കാര്യം നമ്മൾ ഓർമിക്കണം. അദ്ദേഹം യഹൂദനായിരുന്നു. യഥാസ്ഥിതമായ മതത്തിനും ഭരണകൂടത്തിനും നേർക്ക് ആശയപരമായ കലാപം അഴിച്ചുവിട്ട വിപ്ലവകാരിയായിരുന്നു ക്രിസ്തു. വിശാലമായ അർത്ഥത്തിൽ യേശുക്രിസ്തുവിനെ ഉൾക്കൊണ്ട വ്യക്തിയാണ് ചാവറയച്ചൻ.

**ഒരു നല്ല അപ്പന്റെ ചാവരുൾ**

ഇടയനാടകങ്ങളുടെ പ്രസക്തി മനസ്സിലാക്കിയ വ്യക്തിയാണ് ഞാൻ. സാഹിത്യ അക്കാദമിയുടെ അധ്യക്ഷനായിരുന്ന കാലയളവിൽ അക്കാദമിയിലെ അംഗങ്ങളോട് ഞാൻ പറഞ്ഞു, ചാവറയച്ചൻ സാഹിത്യത്തിന് നൽകിയ മഹത്തായ സംഭാവനയാണ് അദ്ദേഹത്തിന്റെ ഇടയനാടകങ്ങൾ. അക്കാദമി മുൻകൈയെടുത്ത് അത് പ്രസിദ്ധീകരിക്കണം.



അംഗങ്ങൾ അത് വളരെ നല്ല ആശയമാണെന്ന് പറയുകയും വളരെ പെട്ടെന്ന് തന്നെ അത് പുസ്തകമായി പ്രസിദ്ധീകരിക്കുകയും ചെയ്തു. അക്കാദമി ചെയർമാനായിരിക്കെ അദ്ദേഹത്തിന്റെ നാടകങ്ങൾ പ്രസിദ്ധീകരിക്കാൻ കഴിഞ്ഞതിൽ എനിക്ക് അതിയായ സന്തോഷവും അഭിമാനവും ഉണ്ട്. നമ്മുടെ ദുഷിച്ച സാമൂഹ്യ വ്യവസ്ഥക്കെതിരായ ആശയപരമായ കലാപത്തിന്റെ പേരായിരുന്നു ചാവറയച്ചൻ.

ഇടയനാടകങ്ങൾ പോലെ തന്നെ പ്രസക്തമാണ് അദ്ദേഹത്തിന്റെ ഒരു നല്ല അപ്പന്റെ ചാവരുളും. 'ഒരു നല്ല അപ്പന്റെ ചാവരുൾ' എന്ന പേരിൽ ചാവറയച്ചൻ തയ്യാറാക്കിയ കുറിപ്പുകളിൽ കുടുംബാംഗങ്ങളുടെ കടമകളെക്കുറിച്ചുള്ള ഉപദേശങ്ങളാണുള്ളത്. വ്യക്തി, കുടുംബം, കാലം എന്നതാണ് ജീവിതത്തിന്റെ അടിസ്ഥാനം. ഇവ മൂന്നിനെയും ബന്ധപ്പെടുത്താതെ മനുഷ്യ സമൂഹത്തിന് നിലനിൽക്കാനാവില്ല. കുടുംബബന്ധങ്ങളിൽ നിന്നാണ് നമ്മൾ പഠിക്കുന്നത്. നമ്മുടെ ഏറ്റവും വലിയ സർവകലാശാല കുടുംബമാണ്. ഒരു അമ്മയുടെ സഹനം, അടുക്കള എന്ന് പറയുന്നത് ഒരു അഗ്നികുണ്ഡമാണ്. ആ അഗ്നികുണ്ഡത്തിൽ കിടന്ന് വേവുകയാണ് അവർ. ഒരു അമ്മയുടെ ജീവിതം അങ്ങനെയാണ്. അച്ഛൻ പാടത്ത് പണിയെടുത്തിട്ടു വന്നിട്ടു വേണം ഭക്ഷണംവെക്കാൻ. അവിടെ പ്രയത്നം എന്നത് പ്രാർത്ഥനയായി തീരുകയാണ്. അച്ഛനമ്മമാരുടെ ബന്ധത്തിൽ നിന്നാണ് മനുഷ്യബന്ധങ്ങൾ രൂപപ്പെടുന്നത്. അതിന്റെ ദൃഢത, പവിത്രത, അനഘത ഇതൊക്കെ നമുക്ക് ബോധ്യപ്പെടുന്നത് അപ്പോഴാണ്.

ഹിന്ദു പുരാണത്തിൽ നിന്ന് ശിവന്റെ കുടുംബത്തെ എടുത്തു നോക്കുക. ശിവനും പാർവതിയും ഒന്നിച്ചു നിൽക്കുമ്പോഴാണ് അസ്തിത്വം ഉണ്ടാകുന്നത്. അവർ വേറിട്ടു നിൽക്കുമ്പോൾ ശക്തിയും നിലനിൽപും ഇല്ല. ശിവശക്തി സൗന്ദര്യം എന്നൊരു കാവ്യദർശനം തന്നെയുണ്ട്. ശിവനും പാർവതിയും ചേർന്നാൽ മാത്രമേ ശക്തിയുണ്ടാകുകയുള്ളൂ. ചാവരുളിലൂടെ ചാവറയച്ചൻ മുന്നോട്ടുവെക്കുന്ന ദർശനം കുടുംബ ബന്ധങ്ങളുടെ പവിത്രതയാണ്. ദുഃഖങ്ങളും ദുരിതങ്ങളും നിറഞ്ഞ ഈ ജീവിതത്തിൽ ആശ്വാസവും സമാധാനവും നൽകുന്നത് ചിട്ടയായ കുടുംബജീവിതവും കുടുംബാംഗങ്ങൾ തമ്മിലുള്ള പരസ്പര സ്നേഹവും ബഹുമാനവുമാണെന്നും അദ്ദേഹം നമ്മെ ഓർമപ്പെടുത്തുന്നു. മതാതീതമായ ആത്മീയതയാണ് ചാവറയച്ചൻ തന്റെ ജീവിതത്തിലൂടെയും രചനകളിലൂടെയും മുന്നോട്ടുവച്ചത്. ജാതി-മത ഭേദമില്ലാതെ എല്ലാത്തരം മനുഷ്യരെയും സ്പർശിക്കാനും സ്വാധീനിക്കാനും കഴിയുന്ന വിശ്വമാനവികത തന്നെയാണ് അദ്ദേഹത്തിന്റെ മുഖമുദ്ര. ■